# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3199 21.08.2017-ൽ മറുപടിക്ക്

### മ്യൂസിയം മൃഗശാല വകുപ്പിലെ നിയമനങ്ങളിലെ സംവരണം

ചോദ്യം

ശ്രീ. ഒ.രാജഗോപാൽ

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി ജി.ഒ. (എം.എസ്) നം.271/73/പി.ഡി. തീയതി 12/10/1973 ലെ ഉത്തരവ് പരിഷ്കരിച്ച് ജി.ഒ.(എം.എസ്) നം.268/92/ജി.എ.ഡി തീയതി ജൂലൈ 15,1992 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിൻപ്രകാരം മ്യൂസിയം മൃഗശാലാ വകുപ്പിൽ ഏതെങ്കിലും ഗസറ്റഡ് തസ്തിക പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | മ്യൂസിയം മൃഗശാലാ വകുപ്പിലെ ഒരു ഗസറ്റഡ് തസ്തികയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി സംവരണം ചെയ്തിട്ടില്ല. 01/01/2017 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനത്തിൽ മ്യൂസിയം മൃഗശാലാ വകുപ്പിൽ SC/ST വിഭാഗത്തിന് ഗസറ്റഡ് തസ്തികയിൽ മതിയായ പ്രാതിനിധ്യം ഉള്ളതായി ഉറപ്പു വരുത്തിയിട്ടുണ്ട്. |
| (ബി) | മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംവരണ ത്തിനായി മാറ്റി വെയ്ക്കപ്പെട്ട തസ്തികയ്ക്ക് നിശ്ചയിക്ക പ്പെട്ടിട്ടുള്ള അടിസ്ഥാന യോഗ്യത, അഭിലഷണീയ യോഗ്യത, പ്രായ പരിധി, ശമ്പളം, നിയമന രീതി എന്നിവയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നിയമന നടപടി സ്വീകരിച്ച് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; | | |
| (സി) | മ്യൂസിയം മൃഗശാലാവകുപ്പിൽ വകുപ്പ് ഡയറക്ടർക്ക് പുറമെ ഏതെല്ലാം തസ്തികകൾക്കാണ് ഗസറ്റഡ് പദവി ഉള്ളത്; | (സി) | മ്യൂസിയം മൃഗശാല ഡയറക്ടർക്ക് പുറമേ ചുവടെ ചേർക്കുന്ന തസ്തികകളാണ് ഗസറ്റഡ് പദവി ഉള്ളത്.<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 1<br>ഫിനാൻസ് ഓഫീസർ - 1<br>സൂപ്രണ്ട് - 6<br>സീനിയർ സൂപ്രണ്ട് - 2<br>എഡ്യൂക്കേഷണൽ ഓഫീസർ - 1<br>വെറ്ററിനറി സർജ്ജൻ - 2 |
| (ഡി) | മ്യൂസിയം മൃഗശാലാവകുപ്പ് ഡയറക്ടർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇപ്പോൾ പ്രസ്തുത തസ്തികയിൽ ജോലി | (ഡി) | മ്യൂസിയം മൃഗശാലാവകുപ്പ് ഡയറക്ടർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | ചെയ്തുവരുന്ന ഉദ്യോഗസ്ഥനെ സ്പെഷ്യൽ റൂൾ പ്രകാരമാണോ നിയമിച്ചിട്ടുള്ളത്; നിയമനത്തിന് മറ്റ് എന്തെങ്കിലും പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ; | | പ്രസ്തുത തസ്തികയിൽ ജോലി ചെയ്ത് വരുന്ന ഉദ്യോഗസ്ഥനെ സ്പെഷ്യൽ റൂൾ പ്രകാരമാണ് നിയമിച്ചിട്ടുള്ളത്. നിയമനത്തിന് മറ്റ് പ്രത്യേക പരിഗണന നൽകിയിട്ടില്ല. |
| (ഇ) | മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം, മ്യൂസിയം മൃഗശാലാവകുപ്പ് ഡയറക്ടർ തസ്തിക പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുണ്ടോ; ജി.ഒ.(എം.എസ്.) നം. 268/92/പൊ.ഭ.വ. തീയതി 15.07.1992 എന്ന ഉത്തരവ് പ്രകാരം സംവരണം ചെയ്യപ്പെട്ട തസ്തികയിൽ സംവരണ മാനദണ്ഡങ്ങൾ പാലിക്കാതെ എപ്പോഴെങ്കിലും നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവാണ് അതിന് ബാധകമായിട്ടുള്ളത്; ഇപ്രകാരം നിയമനങ്ങൾ നടത്തിയിട്ടുള്ള വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | മ്യൂസിയം മൃഗശാലാവകുപ്പ് ഡയറക്ടർ തസ്തിക പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്തിട്ടില്ല. ജി.ഒ.(എം.എസ്) നമ്പർ 268/92 പൊ.ഭ.വ. തീയതി 15/07/1992 എന്ന ഉത്തരവ് പ്രകാരം സംവരണം ചെയ്യപ്പെട്ട തസ്തികയിൽ സംവരണ മാനദണ്ഡങ്ങൾ പാലിക്കാതെ നിയമനങ്ങൾ നടത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**